# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

തൈക്കാട്, തിരുവനന്തപുരം

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: കെ. ബിജു ഐ.എ.എസ്)

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - സർക്കാരിന്റെ നൂറുദിന പരിപാടി - ഐ.ടി.ഐ അദ്ധ്യാപകർക്കും വർക്ക്ഷോപ്പ് അറ്റൻഡർമാരും പ്രാക്ടിക്കൽ ക്ലാസുകളിൽ യൂണിഫോമായി ഓവർകോട്ട് ധരിക്കുന്നത് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: (1) 15-06-11 ലെ ഇതേ നമ്പരായുള്ള ട്രെയിനിംഗ് ഡയറക്ടറുടെ ഉത്തരവ്.
(2) 16.06.11 ലെ ഇതേ നമ്പരായുള്ള ട്രെയിനിംഗ് ഡയറക്ടറുടെ ചുറ്ററിയിപ്പ്.

************

**ഉത്തരവ് നമ്പർ:എഫ്3/16416/11/ തീയതി 13/07/2011**

ട്രെയിനിംഗ് മാന്വൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐകളിലും അദ്ധ്യാപകരും വർക്ക്ഷോപ്പ് അറ്റൻഡർമാരും പ്രാക്ടിക്കൽ ക്ലാസുകളിൽ യൂണിഫോമായി ഓവർകോട്ട് ധരിക്കുന്നത് നിർബന്ധമാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിരുന്ന ഉത്തരവ്, നടപ്പിൽ വരുത്തുന്നതിനായി എല്ലാ സ്ഥാപനങ്ങളിൽ നിന്നും ശുപാർശകൾ ക്ഷണിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകരും വർക്ക്ഷോപ്പ് അറ്റൻഡർമാരും 2011-12 അദ്ധ്യയന വർഷം മുതൽ പ്രാക്ടിക്കൽ ക്ലാസുകളിൽ നിർബന്ധമായും നേവി ബ്ലൂ നിറത്തിലുള്ള ഓവർകോട്ട് ധരിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ട്രെയിനിംഗ് ഡയറക്ടർ

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾ മാർക്കും

പകർപ്പ് I) എല്ലാ ഐ.ടി.ഐ കൾക്കും - ഐ.ടി.ഐ പരിശോധന സമയത്ത് ടി വിഷയം കൂടി പരിശോധനയിൽ ഉൾപ്പെടുത്തേണ്ടതും വീഴ്ച കാണുന്ന പക്ഷം വിവരം യഥാസമയം അറിയിക്കേണ്ടതുമാണ്.
II) Joint Director, RDT, Kannur.
III) CA to DT, IV) CA to ADT, V) CA to JDT, VI) DD(t)
VII) Deputy State Apprenticeship Adviser, VIII) Stock File

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്